**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1041** **12-06-2024 - ൽ മറുപടിയ്ക്ക്**

**കുത്തുപറമ്പ് മണ്ഡലത്തിലെ എലിത്തോട് പുഴയോരത്തെ പുഴയോരഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുത്തുപറമ്പ് മണ്ഡലത്തിലെ എലിത്തോട് പുഴയോരത്തെ കുടുംബങ്ങൾ മണ്ണിടിച്ചിലും കാലവർഷ ഭീഷണിയും നേരിടുന്ന സാഹചര്യത്തിൽ പ്രസ്തുത കുടുംബങ്ങളുടെ ആശങ്കയകറ്റാൻ പുഴയോരഭിത്തി നിർമ്മിക്കുന്നതിന് സർക്കാർ തയ്യാറാകുമോ; വിശദമാക്കുമോ; | (എ) | കുത്തുപറമ്പ് മണ്ഡലത്തിലെ എലിത്തോട് പുഴയോരത്ത് 100 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് വേണ്ടി 40.60 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ആർ.എം.എഫ് ഫണ്ടിൽ ഉൾപ്പെടുത്തി സമർപ്പിക്കുകയും ആയതിന് ഭരണാനുമതിയും, സാങ്കേതികാനുമതിയും നൽകുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപെട്ടു മുൻപ് സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരമുള്ള പുഴയോരഭിത്തി നിർമ്മിക്കാൻ ആവശ്യമായ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | ആർ.എം.എഫ് -ൽ ഉൾപ്പെടുത്തിയ 40.60 ലക്ഷം രൂപയുടെ പ്രവൃത്തി കൂടാതെ എലിത്തോട് പുഴയോരത്ത് തന്നെ 170 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് വേണ്ടി 70.60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ വർഷത്തെ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്. |
| (സി) | ഈ കുടുംബങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ? | (സി) | മേൽ പറഞ്ഞ പ്രവൃത്തികൾ നടപ്പിലാക്കിയാൽ പുഴയോരം ഇടിഞ്ഞു പോകുന്ന പ്രശ്നത്തിന് പരിഹാരമാവുന്നതാണ്. |

സെക്ഷൻ ഓഫീസർ